വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) ഓട് വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനും, ആ വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും ഈ മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമായി തിരുവനന്തപുരത്തുള്ള റീജിയണൽ റിസേർച്ച് ലബോറട്ടറിയുമായി സഹകരിച്ച് ഓട് വ്യവസായ നവീകരണത്തിനായി ഒരു പദ്ധതി ആരംഭിച്ചു. സംസ്ഥാന സർക്കാർ 30.82 ലക്ഷം രൂപ നൽകിയിട്ടുള്ളതും പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കി വരുന്നതുമായ ഈ പദ്ധതിയുടെ 'റിസോർസ് മാപ്പിംഗ്' പൂർത്തിയായി വരുന്നു. കൂടാതെ 'ഡവലപ്പ്മെന്റ് ആന്റ് ഡമോൺസ്ട്രേഷൻ ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്ലി ടെക്നോളജീസ് ഇൻ കേരള ബിൽഡിംഗ് മെറ്റീരിയൽസ് സെക്ടർ' എന്ന പദ്ധതിക്കായി 23 ലക്ഷം രൂപയും റീജിയണൽ റിസർച്ച് ലബോറട്ടറിക്ക് അനുവദിച്ചു. ഇതിന്റെ 'ട്രയൽ റൺ' നടത്തിക്കഴിഞ്ഞു. കമേഴ്സ്യലൈസേഷനുള്ള നടപടി പൂർത്തിയായിവരുന്നു.

(സി) പൊതു മാർക്കറ്റിൽ മണ്ണെണ്ണ വിൽപ്പന കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ന്യായവില ഷോപ്പുകൾവഴിക്കുള്ള മണ്ണെണ്ണ ലഭ്യത കുറവായതിനാൽ വ്യവസായികൾ പൊതുമാർക്കറ്റിനെ ആശ്രയിക്കേണ്ടതുണ്ട്.

(ഡി) വ്യവസായികളിൽനിന്നും ആവശ്യമായ വിവരങ്ങൾ ലഭിച്ചാൽ ഇക്കാര്യം പരിഗണിക്കാവുന്നതേയുള്ളൂ.

സഹകരണ അപ്പക്സ് ഫെഡറേഷനുകളുടെ പ്രവർത്തനം

*13 [454] ശ്രീ. എ. കെ. ബാലൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അപ്പക്സ് ഫെഡറേഷനുകളുടെ പ്രവർത്തനം തകരാറിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന അപ്പക്സ് ഫെഡറേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം സംബന്ധിച്ച വിശകലനം വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം അപ്പക്സ് ഫെഡറേഷനുകളാണ് നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്;

(ഡി) അപ്പക്സ് ഫെഡറേഷനുകളുടെ കണക്കാക്കപ്പെട്ട നഷ്ടവും ബാദ്ധ്യതകളും സംബന്ധിച്ച് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ട ഏതെല്ലാം ക്രമക്കേടുകൾ സംബന്ധിച്ച് ഏതെല്ലാം സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനം തകരാറിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. (നിയമാനുസൃത ഓഡിറ്റുകളും അന്വേഷണങ്ങളുമാണ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള ഉപാധികൾ. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള സഹകരണ ബാങ്കുകളിൽ ബാങ്കിംഗ് മേഖലയിൽ ബാധകമായ നിയമപ്രകാരമുള്ള പരിശോധനകളും റിപ്പോർട്ടുകളും ഉണ്ടാകാറുണ്ട്. നബാർഡ് പദ്ധതികൾ നടപ്പാക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ പ്രസ്തുത ബാങ്ക് കാലാകാലങ്ങളിൽ പുരോഗതി വിലയിരുത്താറുണ്ട്.) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അപ്പക്സ് സ്ഥാപനങ്ങളായ കൺസ്യൂമർഫെഡിൽ നടന്നതായി ആരോപിക്കപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് നിയമാനുസൃത അന്വേഷണം നടന്നുവരികയാണ്. മാർക്കറ്റ് ഫെഡ് വൻ നഷ്ടത്തിലായിരുന്നത് സർക്കാർ മുൻകൈയെടുത്ത് നടപ്പാക്കിയ പുനഃരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിൽ നഷ്ടം നികത്തി ഉദ്ദിഷ്ഠ രീതിയിൽ പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. റബ്ബർ മാർക്കറ്റിന്റെ സഞ്ചിത നഷ്ടം ഇല്ലാതാക്കാൻ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ പ്രവർത്തന ലാഭവും, ഭാവി പ്രവർത്തനവുംകൊണ്ട് സാധിക്കുമെന്ന് കരുതുന്നു. പ്രമുഖ അപ്പക്സ് സ്ഥാപനങ്ങളായ സംസ്ഥാന സഹകരണ ബാങ്കും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സഹകരണ ഹൗസിംഗ് ഫെഡറേഷൻ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷൻ നഷ്ടത്തിലാണെങ്കിലും പ്രവർത്തനം വൈവിധ്യവൽക്കരിച്ചും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും മറ്റും സഹായം ലഭ്യമാക്കിയും പ്രവർത്തന പുരോഗതി ലക്ഷ്യമിട്ടിട്ടുണ്ട്. സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ, വനിതാ ഫെഡറേഷൻ എന്നിവയും നിയമാനുസൃതം പ്രവർത്തിച്ചുവരുന്നു.

(സി) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള വനിതാ സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവയാണ് നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)	ഫെഡറേഷൻ	നഷ്ടം	ബാദ്ധ്യതകൾ
	കൺസ്യൂമർ ഫെഡ്	2510.10	12,518.07
	ഹൗസിംഗ് ഫെഡറേഷൻ	ലാഭം	32,809.24
	ഹോസ്പിറ്റൽ ഫെഡറേഷൻ	16.95	359.07
	വനിത ഫെഡറേഷൻ	0.77	0.91
	കാർഷിക ഗ്രാമവികസന ബാങ്ക്	ലാഭം	2,34,215.00
	പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ	45.62	1,272.00
	റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ	4,089.00	6,149.00
	മാർക്കറ്റിംഗ് ഫെഡറേഷൻ	6,138.00	3,057.00
	സംസ്ഥാന സഹകരണ ബാങ്ക്	ലാഭം	2,64,822.00

(ഇ) കേരള സംസ്ഥാന സഹകരണമാർക്കറ്റിംഗ് ഫെഡറേഷനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും പണാപഹരണവും ഓഡിറ്റിൽ വെളിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികളുടെ ഭാഗമായി 27-1-1999-ൽ മാർക്കറ്റ് ഫെഡ് ഭരണസമിതിയെ രജിസ്ട്രാർ പിരിച്ചുവിട്ടിരുന്നു.

തൊഴിൽ സമരങ്ങളില്ലാത്ത അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി

*14 [455] ശ്രീ. ടി. യു. മാധാകൃഷ്ണൻ:

,, ടി. എൻ. പ്രതാപൻ:

,, കെ. ബാബു:

,, എം. എ. ചന്ദ്രശേഖരൻ:

,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. വ്യവസായം തുടങ്ങുവാൻ തയ്യാറായിവന്ന വിദേശ വ്യവസായികൾ അവർ തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ സമരങ്ങളില്ലാത്ത അന്തരീക്ഷം ഉണ്ടാക്കാമെന്ന് ഉറപ്പ് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവോ;

(ബി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻവന്ന മറ്റേതെങ്കിലും വ്യവസായികൾ ഇത്തരം ഒരു ഉറപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള ഉറപ്പ് നൽകാത്തതിനെത്തുടർന്ന് അവർ വ്യവസായം ആരംഭിക്കാതിരുന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly